©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2018 ഏപ്രിൽ 30<br>30th April 2018<br>1193 മേടം 17<br>17th Medam 1193<br>1940 വൈശാഖം 10<br>10th Vaisakha 1940 | നമ്പർ<br>No. 1156 |

## കേരള സർക്കാർ

### തദ്ദേശസ്വയംഭരണ (ആർ. സി.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 35/2018/ത.സ്വ.ഭ.വ.

*തിരുവനന്തപുരം, 2018 ഏപ്രിൽ 25 / 1193 മേടം 12.*

**എസ്. ആർ. ഒ. നമ്പർ 265/2018.**—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും പ്രസ്തുത ആക്റ്റിലെ 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം തൃശ്ശൂർ ജില്ലയിലെ അളഗപ്പനഗർ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ 'ഇടവഴി പുറമ്പോക്ക്' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി പ്രസ്തുത ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ച ശേഷം, പ്രസ്തുത ആക്റ്റിന്റെ പ്രവർത്തന പരിധിയിൽനിന്നും, കേരള സർക്കാർ, ഇതിനാൽ ഒഴിവാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.
33/1692/2018/S-24.

## പട്ടിക

| | | |
|---|---|---|
| ജില്ല | .. | തൃശ്ശൂർ |
| താലൂക്ക് | .. | മുകുന്ദപുരം |
| വില്ലേജ് | .. | ആമ്പല്ലൂർ |
| ഗ്രാമപഞ്ചായത്ത് | .. | അളഗപ്പനഗർ |
| ബ്ലോക്ക് നമ്പർ | .. | 29 |
| സർവ്വേ നമ്പർ | .. | 530/2 |
| വിസ്തീർണ്ണം | .. | 0.0324 ഹെക്ടർ (8 സെന്റ്) |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | .. | പഞ്ചായത്ത് റോഡ് |
| തെക്ക് | .. | പരമേശ്വരൻ വെളുത്തേടത്ത് വക ഭൂമി |
| കിഴക്ക് | .. | പി.ഡബ്ല്യു.ഡി. റോഡ് |
| പടിഞ്ഞാറ് | .. | ഇടവഴി. |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ബി. അശോക്,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം തൃശ്ശൂർ ജില്ലയിലെ അളഗപ്പനഗർ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള, ആമ്പല്ലൂർ വില്ലേജ്, സർവ്വേ നമ്പർ 530/2-ൽപ്പെട്ട 0.0324 ഹെക്ടർ 'ഇടവഴി പുറമ്പോക്ക്' ഭൂമി, കൈവശക്കാരിയായ ശ്രീമതി മേരി (കത്രീന), W/o ജോസ്, ആമ്പല്ലൂർ എന്നവർക്ക് പതിച്ചു നൽകുന്നതിലേക്കായി, ടി ആക്റ്റിലെ 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത ആക്റ്റിന്റെ പ്രവർത്തന പരിധിയിൽനിന്നും ഒഴിവാക്കുവാൻ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചശേഷം കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.